# 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും**

146/2014.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. ഘടന | .. | v |
| 2. റിപ്പോർട്ട് | .. | vii |
| 3. വിയോജനക്കുറിപ്പ് | .. | ix |
| 4. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI (2013-2016)

## (വിദ്യാഭ്യാസം)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എം. എ. ബേബി

ശ്രീ. ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

ഡോ. എൻ. ജയരാജ്

ശ്രീ. ജോസഫ് വാഴക്കൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. ഉമ്മർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എം. കെ. സുരേന്ദ്രലാൽ, ജോയിന്റ് സെക്രട്ടറി

ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, അണ്ടർ സെക്രട്ടറി.

## 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കായി അയച്ച 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ (ബിൽ നമ്പർ 250), സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ 2012 ഡിസംബർ 12-ാം തീയതി അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2014 ജനുവരി 22-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2014 ജനുവരി 23-ാം തീയതി സഭ പിരിഞ്ഞശേഷം സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതി കളോടെ അംഗീകരിക്കുകയും ചെയ്തു:

ഖണ്ഡം 1

(1)-ാം ഉപഖണ്ഡത്തിൽ

(1) "2013" എന്ന അക്കങ്ങൾക്കു പകരം "2014" എന്ന അക്കങ്ങൾ ചേർക്കുക;

(2) "രണ്ടാം" എന്ന വാക്ക് ഒഴിവാക്കുക.

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2014 ജനുവരി 23.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

## വിയോജനക്കുറിപ്പ്

ഈ ബില്ലിനോട് ഞങ്ങൾ താഴെപ്പറയുന്ന കാരണങ്ങളാൽ വിയോജിപ്പ് രേഖപ്പെടുത്തുന്നു :

അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനങ്ങളിൽ സമാനമായ രീതിയിൽ അവ്യക്തത നിലനിൽക്കുന്ന കേരള യൂണിവേഴ്സിറ്റി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എന്നിവയിൽകൂടി നിയമഭേദഗതി കൊണ്ടുവരാത്തതിനാൽ ഞങ്ങൾ ഈ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

| | |
|---|---|
| റ്റി. വി. രാജേഷ് | (ഒപ്പ്) |
| ഡോ. കെ. ടി. ജലീൽ | (ഒപ്പ്) |
| ഇ. ചന്ദ്രശേഖരൻ | (ഒപ്പ്) |

# 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത്)

[അടിവരയിട്ടത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതിയേയും നക്ഷത്രചിഹ്നം ഒഴിവാക്കലിനേയും സൂചിപ്പിക്കുന്നു.]

## 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റും ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ സർവ്വകലാശാല നിയമങ്ങൾ (* ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2013 സെപ്റ്റംബർ 19-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 1986-ലെ 31-ാം ആക്റ്റിന്റെ ഭേദഗതി.—1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിൽ (1986-ലെ 31), 7-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതു സമയങ്ങളിൽ ഭേദഗതി ചെയ്തപ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണ്.".

146/2014.

3. 2013-ലെ 24-ാം ആക്റ്റിന്റെ ഭേദഗതി.—2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിൽ (2013-ലെ 24), 40-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"40. നിയമനങ്ങളുടെ സംവരണം.—അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിൽ, സർവ്വകലാശാല, 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും, അതതു സമയങ്ങളിൽ ഭേദഗതി ചെയ്തപ്രകാരം, ആവശ്യമായ മാറ്റങ്ങളോടെ, പാലിക്കേണ്ടതും എല്ലാ വകുപ്പുകളും ഒരു യൂണിറ്റ് ആയി പരിഗണിച്ച് കാറ്റഗറി തിരിച്ച് സാമുദായികക്രമം തുടരേണ്ടതുമാണ്.".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ സർവ്വകലാശാല നിയമങ്ങൾ (രണ്ടാം ഭേദഗതി) ഓർഡിനൻസ് (2013-ലെ 50) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് പ്രകാരവും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റ് പ്രകാരവും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റ് പ്രകാരവും 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റ് പ്രകാരവും യഥാക്രമം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പി. ഡി. ശാരംഗധരൻ,
*സെക്രട്ടറി.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2014 ജനുവരി 23.